ശ്രീ. എ. ജെ. ജാൺ: ഗവണ്മെണ്ടും അങ്ങനെ ആഗ്രഹിക്കുന്നുണ്ട്. പക്ഷെ, ഈ നിയമസഭയിൽ ഒരു ബില്ലുകൊണ്ടുവരുവാൻ സാധിക്കുമോ എന്നകാര്യം സംശയമാണ്.

വളംവില്ലാൻ കടംവായ്പ

* ൧൯. (൧൪) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) കുന്നംകുളത്തുള്ള ഒരു വ്യക്തിക്ക് വളംവാങ്ങി വില്ക്കുന്നതിനു വ,നു വു, ൦ ൦ ൦ രൂപയുടെ ഒരു കടവായ്പ ഗവണ്മെണ്ടിൽനിന്നും കൊടുത്തുവോ;

(ബി) എന്തു വ്യവസ്ഥകളിലാണ് ഈ കടവായ്പ കൊടുത്തത്;

(സി) ഗവണ്മെണ്ടുവക വളംഡിപ്പോകൾവഴി വില്പനടത്താതെ ഒരു വ്യക്തിയെ ആ ജോലി ഏല്പിക്കാൻ കാരണം എന്താണ്?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി, സി) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: പത്രങ്ങളിൽ ഇങ്ങനെ ഒരു കടം വായ്പ കൊടുത്തിട്ടുള്ളതായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവിധം ഗവണ്മെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരിക്കാം. പക്ഷെ, അങ്ങനെ ചെയ്തിട്ടില്ല.

മത്സ്യവള്ളങ്ങൾക്കു തടി

* ൧൭. (൧൫) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) ചിറയിൻകീഴ്താലൂക്കിലുള്ള ഒരു വ്യക്തിക്ക് ൫ ൦ മത്സ്യവള്ളങ്ങൾക്കു ആവശ്യമായ തടി സൗജന്യനിരക്കിൽ കൊടുക്കുകയുണ്ടായോ;

(ബി) മരാപകൾക്കു ഇതുപോലെ തടി നൽകുന്നതിനു ഇതുസംബന്ധിച്ചു ചട്ടങ്ങൾ അനുവദിക്കുന്നുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) അങ്ങനെയൊരു വ്യക്തിക്കു തടി സൗജന്യനിരക്കിൽ കൊടുത്തിട്ടില്ല.

(ബി) എ യുടെഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

റേഡ്റേഷൻ

* ൧൬. (൧൨) സാഹിബ് ബഹദൂർ എ. മുഹമ്മദ് മൂസഹാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ്മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇപ്പോൾ നിലവിലുള്ള റേഡ്റേഷൻ കുറവുചെയ്യണമെന്നു കേന്ദ്രഗവണ്മെണ്ടിൽനിന്നും എന്തെങ്കിലും നിർദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ് ആ നിർദ്ദേശമെന്നു പ്രസ്താവിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly